**പൊതു സമൂഹത്തിന്റെ മാനസികവും ശാരീരികവും സാമ്പത്തികവുമായ പിന്തുണ സമരസമിതി ആഗ്രഹിക്കുന്നുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും സമരത്തോട് ചേർന്ന് നിന്നവരുടെ സഹകരണം ഇനിയും ആവശ്യമാണ്.**

**പ്ലാച്ചിമട സമരസമിതി ചെയർപേഴ്സൺ വിളയോടി വേണുഗോപാൽ കേരളീയത്തിനോട് സംസാരിക്കുന്നു.**

# നീതിക്കായി ജനപക്ഷത്തുനിന്ന് പോരാടണം

**വിളയോടി വേണുഗോപാൽ/കേരളീയം**

**ആറ് വർഷം പിന്നിട്ടിട്ടും പ്ലാച്ചിമട സമരം ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിന് കാരണമായി സമരസമിതി ചെയർമാനെന്ന നിലയിൽ വേണുവേട്ടൻ കരുതുന്നതെന്തെല്ലാമാണ്?**

പ്ലാച്ചിമട സമരം ഉന്നയിച്ച അടിസ്ഥാന ആവശ്യങ്ങളിൽ ഇതുവരെ തീരുമാനങ്ങളൊന്നുമുണ്ടായിട്ടില്ല. കോളയെ നാടുകടത്തുക എന്നതാണ് ഞങ്ങളുടെ പ്രധാന ആവശ്യം. പക്ഷെ സർക്കാർ നിലപാട് ഇപ്പോൾ വളരെ വ്യക്തമാണ്. അതുകൊണ്ടാണ് സമരം തുടർന്നുപോകുന്നത്. കോളയോട് സർക്കാരിന് വിധേയത്വമുണ്ട്. സർക്കാർ എന്നു പറയുമ്പോൾ ഇടതുസർക്കാരിലെ എല്ലാ പാർട്ടിക്കാർക്കും ഉദ്യോഗസ്ഥർക്കും കോളയോട് വിധേയത്വമുണ്ട്. ഒരു കാലത്ത് സമരത്തിനോട് ചേർന്ന് നിന്നവരാണ് ഇടതുമുന്നണിക്കാർ. അതുകൊണ്ടു തന്നെ ഇന്നവർ സമരത്തോട് ചെയ്യുന്നത് രാഷ്ട്രീയ വഞ്ചനയാണ്. ആത്മാർത്ഥതയില്ലാത്ത ചർച്ചയാണ് മുഖ്യമന്ത്രി സമരക്കാരോട് നടത്തിയത്. അന്ന് തീരുമാനിച്ച കാര്യങ്ങളൊന്നും ഇതേവരെ നടത്തിയിട്ടില്ല. അത് ഭയം കൊണ്ടാണോ മനപൂർവ്വം കോളയെ സഹായിക്കാൻ വേണ്ടിയാണോ എന്നത് വ്യക്തമല്ല. സർക്കാരിന്റെ ഈ നിലപാടില്ലായ്മയാണ് സമരം പരിഹരിക്കപ്പെടാതെ നീളുന്നതിന് പ്രധാനകാരണം.

**ഇത്രയും നാൾ നീണ്ടുപോയതുകൊണ്ടും വിഷയത്തിന്റെ സങ്കീർണ്ണതകൊണ്ടും പ്ലാച്ചിമട സമരത്തിന് വിജയ പ്രതീക്ഷ എത്രത്തോളമാണുള്ളത്?**

വിജയം തീർച്ചയായും കണ്ടെത്തണം. സമരത്തിന് അതിനുള്ള ശക്തിയുണ്ട്. എല്ലാ സമരങ്ങളിലും നിർണ്ണായക ഘട്ടത്തിൽ നിൽക്കുന്നത് വളരെ കുറച്ച് ആളുകൾ മാത്രമാണ്. ആവേശത്തിന്റെ പുറത്തെത്തുന്നവരെല്ലാം കൊഴിഞ്ഞ് പോകും. പ്ലാച്ചിമട സമരത്തിലും സംഭവിച്ചതതാണ്. പ്ലാച്ചിമട സമരം നിലനിൽപ്പിനായുള്ള സമരമാണ്. പ്ലാച്ചിമടയിൽ സംഭവിച്ചത് ഒരിടത്തും ആവർത്തിക്കാൻ പാടില്ല. അതാണ് പ്ലാച്ചിമട സമരത്തിന്റെ പ്രാധാന്യം. അത് വിജയിക്കേണ്ടത് പൊതുസമൂഹത്തിന്റെ കൂടി ആവശ്യമാണ്. പ്ലാച്ചിമട സമരം ക്ഷീണിച്ച് പോയിട്ടൊന്നുമില്ല. പല പ്രശ്നങ്ങളുണ്ടെങ്കിലും പ്ലാച്ചിമടയിൽ സമരപ്രവർത്തകരെല്ലാം ഇപ്പോഴും ഒത്തുകൂടാറുണ്ട്. ചിലർ വിലയിരുത്തുന്നതുപോലെ സമര/ഐക്യദാർഢ്യസമിതികളുടെ ശക്തി കുറഞ്ഞ് പോവുകയോ ഐക്യം തകർന്നു പോവുകയോ ചെയ്തിട്ടില്ല.

**പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമരം മുന്നോട്ട് കൊണ്ടുപോകുന്നതിനും സമരസമിതി നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്?**

പ്രതിസന്ധികൾ സമരത്തിന് മാത്രമുള്ളതല്ലല്ലോ? അത് ഒരു പ്രത്യേക സമയത്ത് ആർക്കും വരാവുന്നതാണ്. അത്തരത്തിലുള്ള പ്രതിസന്ധികളെ പ്ലാച്ചിമട സമരത്തിനുമുള്ളു. വലിയൊരു ബഹുരാഷ്ട്രകുത്തകയ്ക്കെതിരെയാണ് പ്ലാച്ചിമടയിലെ ജനങ്ങൾ സമരം ചെയ്യുന്നത്. അവർ ഒരു പാട്

പണമുള്ളവരാണ്. ഭരണത്തെയും ജുഡീഷ്യറിയെയുമൊക്കെ അതുകൊണ്ട് തന്നെ അവർക്ക് സ്വാധീനിക്കാൻ കഴിയും. പണത്തിന്റെ ഈ ആധിപത്യത്തെ ജനാധിപത്യ രീതിയിൽ മറികടക്കുക എന്നതാണ് സമരത്തിന്റെ പ്രധാന പ്രതിസന്ധി. പ്ലാച്ചിമടയിലെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയൊന്നും സമരത്തിന് വലിയ രീതിയിലുള്ള പ്രതിസന്ധികളാകുന്നില്ല. ഇന്നും ഒരു പൊതുപരിപാടി നടന്നാൽ ജോലി ഉപേക്ഷിച്ചും ജനങ്ങൾ അവിടെ ഓടിക്കൂടും. സമരം ശാരീരികമായും മാനസികമായും പ്ലാച്ചിമടയിലെ ജനങ്ങളെ ബാധിച്ചിട്ടുണ്ട്. മനുഷ്യന്റെ പൂർണ്ണതയെ ഇല്ലാതാക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളാണ് കോള പ്ലാച്ചിമടയിൽ നടത്തിയിരിക്കുന്നത്. അതുകൊണ്ട് കോളയെ പ്രതിയാക്കിയേ തീരൂ. നടപടികളെടുക്കാൻ മതിയായ രേഖകളുണ്ടായിട്ടും നോക്കുകുത്തിയെപ്പോലെ നിൽക്കാതെ കോളയ്ക്കെതിരെ നടപടിയെടുത്ത് നഷ്ടപരിഹാരമീടാക്കണം.

**ആഗോളതലത്തിൽ ശ്രദ്ധേയമായ വളരെ ശക്തമായിരുന്ന പ്ലാച്ചിമട സമരം പൂർവ്വാധികം ശക്തിയോടെ വീണ്ടും സംഘടിപ്പിക്കാനാലോചിക്കുമ്പോൾ എന്തെല്ലാം സമരരീതികളാണ് അതിനായി രൂപപ്പെടുത്താൻ പോകുന്നത്?**

സമരരൂപമെന്നാൽ എന്താണ്? ജുഡീഷ്യറിയുടെ ഭാഗത്ത് നിന്നും ഒരു നിയമനിർമ്മാണം നടത്തുന്നതിനായി നടത്തുന്ന നിയമയുദ്ധവും സമരമാണ്. യു.ഡി.എഫ് ആയാലും എൽ.ഡി.എഫ്. ആയാലും ആരെയും അന്ധമായി വിശ്വസിച്ചാൽ സമരത്തിന്റെ ജീവൻ പോകുമെന്നാണ് ഞങ്ങളുടെ അനുഭവം.

**ഇടതുമുന്നണിയിലെ ഒരു പ്രധാന കക്ഷിയായ ജനതാദൾ (എസ്) ആണല്ലോ പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്ത് ഭരിക്കുന്നത്. സംസ്ഥാന ഭരണത്തിലെ കൂട്ടുകക്ഷിയെന്ന നിലയിൽ സമരത്തോടുള്ള അവരുടെ ഇപ്പോഴത്തെ നിലപാടെന്താണ്?**

കേരളത്തിൽ ഇടതുമുന്നണി എന്ന സമ്പ്രദായമുണ്ടെങ്കിലും ഘടകകക്ഷികൾക്ക് പലകാര്യങ്ങളിലും സ്വതന്ത്രമായ അഭിപ്രായങ്ങൾ ഉണ്ടാകാറുണ്ട്. അങ്ങിനെ മുന്നണിയിൽ പലരും ഒറ്റപ്പെടാറുമുണ്ട്. അതുകൊണ്ട് എപ്പോഴും എൽ.ഡി.എഫിന്റെ അഭിപ്രായമാകണമെന്നില്ല ജനതാദളിന്റേത്. കോളയുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഇപ്പോൾ നിയമയുദ്ധം നടന്നുവരുന്നത്. ഇടതുമുന്നണിയിലും സർക്കാരിലും പ്രശ്നം പരിഹരിക്കുന്നതിനായി സമ്മർദ്ദം ചെലുത്തേണ്ട ധാർമ്മികമായ ഉത്തരവാദിത്തം അതുകൊണ്ട് അവർക്കുണ്ട്. ഒരു പക്ഷെ സമരത്തിൽ അവർ സഹകരിക്കുന്നത് പ്രാദേശികമായ ജനവികാരം കണ്ടിട്ടാകാം. കോൺഗ്രസ് ഭരിക്കുമ്പോൾ കാണിച്ച തീവ്രതയൊന്നും ജനതാദളിന്റെ ഭാഗത്ത് നിന്നും സമരത്തിന് ഇപ്പോൾ ലഭിക്കുന്നില്ല. വീണ്ടും ശക്തമായി ആരംഭിക്കാൻ പോകുന്ന സമരം അവർക്ക് തെറ്റുതിരുത്താനുള്ള അവസരമാണ്. ഞങ്ങൾ സർക്കാരിനെതിരെയുള്ള സമരമല്ല നടത്താൻ പോകുന്നത്. ആരു ഭരിച്ചാലും നീതി നഷ്ടപ്പെട്ടാൽ ജനാധിപത്യരീതിയിൽ അതിനെതിരെ പൊരുതേണ്ടി വരും. കേരളം ഭരിക്കുന്ന പാർട്ടിതന്നെ സമരവും ഭരണവും ഒരുമിച്ച് നടത്തി പരിചയമുള്ളവരാണ്. അതുകൊണ്ട് പ്ലാച്ചിമട പ്രശ്നത്തിൽ സർക്കാരിനെതിരെയുള്ള സമരമല്ല വേണ്ടത് എന്ന് അവർ പറഞ്ഞാൽ അതിൽ ആത്മാർത്ഥതയില്ല.

**സമരം ഉന്നയിച്ച ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് പൊതുസമൂഹത്തിന്റെ പിന്തുണ ഏതെല്ലാം വിധത്തിലാണ് പ്ലാച്ചിമട സമരസമിതി ആവശ്യപ്പെടുന്നത്?**

പൊതു സമൂഹത്തിന്റെ മാനസികവും ശാരീരികവും സാമ്പത്തികവുമായ പിന്തുണ സമരസമിതി ആഗ്രഹിക്കുന്നുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും സമരത്തോട് ചേർന്ന് നിന്നവരുടെ സഹകരണം ഇനിയും ആവശ്യമാണ്. ഇപ്പോൾ ഭരിക്കുന്നവർ പ്രതിപക്ഷത്തായിരുന്നപ്പോൾ ഗവൺമെന്റിനെതിരെയുള്ള സമരമായിരുന്നതുകൊണ്ട് മാത്രമാണ് അന്ന് സജീവമായി നിന്നത്. പല പരിസ്ഥിതി, സാമ്രാജ്യത്വ വിരുദ്ധ പ്രവർത്തകരുടെയും നിലപാട് ശരിയായിരുന്നില്ല. പാർട്ടിയും ഭരണവുമൊക്കെ നോക്കിയാണ് ഇവിടെ പലരും പരിസ്ഥിതി പ്രവർത്തനം നടത്തുന്നത്. ഈ രീതിയിൽ ആത്മാർത്ഥതയില്ലാത്ത നിരവധി പ്രവർത്തകർ സമരവുമായി ബന്ധപ്പെട്ടിട്ടുണ്ട്. അത്തരം വ്യക്തമായ നിലപാടില്ലാത്ത പിന്തുണയല്ല സമരത്തിന് വേണ്ടത്. ഭരണത്തിന്റെയോ പ്രതിപക്ഷത്തിന്റേയോ അല്ല ജനപക്ഷത്ത് നിന്നുകൊണ്ട് നീതിയുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള പിന്തുണയാണ് സമരത്തിന് വേണ്ടത്.

**ഇത്തരമൊരു പിന്തുണയാർജ്ജിക്കുന്നതിനും സമരം മുന്നോട്ട് കൊണ്ടുപോകുന്നതിനും സമരസമിതി നേരിടുന്ന പ്രയാസങ്ങൾ എന്തെല്ലാമാണ്?**

സമരസമിതിക്ക് രാഷ്ട്രീയ പാർട്ടികളുടെയും പൊതുപ്രവർത്തകരുടെയും ഭാഗത്ത് നിന്ന് നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീപാർട്ടികളോടോ മാധ്യമങ്ങളോടോ സമരസമിതി ഒരിക്കലും വിധേയത്വം കാണിച്ചിട്ടില്ല. ഒരിക്കൽ കോള കമ്പനിയ്ക്കെതിരെ സമരം ചെയ്തിരുന്നവരാണ് ഇന്ന് ഭരിക്കുന്നത്. സമരം ചെയ്തിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ ഭരിക്കുമ്പോൾ അവർ നടപ്പാക്കുന്നില്ല. ഇത്തരം ആത്മാർത്ഥതയില്ലാത്ത സമീപനങ്ങളാണ് സമര സമിതി നേരിടുന്ന പ്രധാന പ്രയാസം. രാഷ്ട്രീയ പാർട്ടികളുടെയും ബഹുജന സംഘടനകളുടെയും ഇത്തരം വൈരുദ്ധ്യങ്ങൾ പ്ലാച്ചിമട സമരത്തിനെ മാത്രമല്ല കേരളത്തിൽ നടക്കുന്ന എല്ലാ ജനകീയ സമരങ്ങളെയും ദോഷമായ രീതിയിൽ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഭരണപ്രതിപക്ഷ ഭേദമന്യേ സമദൂര സിദ്ധാന്തം പാലിച്ചുകൊണ്ട് സമരം മുന്നോട്ട് പോകണം. ജനകീയ പ്രസ്ഥാനങ്ങളുടെയും സാമൂഹിക പ്രവർത്തകരുടെയും ആത്മാർത്ഥമായ പിന്തുണയുണ്ടെങ്കിൽ മാത്രമെ സമരസമിതിക്ക് പ്രയാസങ്ങൾ മറികടന്ന് മുന്നോട്ട് പോകാൻ കഴിയൂ.

*പ്ലാച്ചിമട സമരസമിതി,*
*കന്നിമാരി പി.ഒ., പാലക്കാട്*

**കേരളീയം**

**അറിയിപ്പ്**

കേരളീയം ഈ ലക്കം പ്ലാച്ചിമട പ്രത്യേക പതിപ്പാണ്. സ്ഥലപരിമിതി മൂലം സ്ഥിരം പംക്തികളും, കഴിഞ്ഞ ലക്കം തുടർച്ചകളും ചേർക്കാനായിട്ടില്ല. ക്ഷമിക്കുക.